⇨ 'ന്യൂക്ലിയർ ഡൈനാമിറ്റ്' എന്ന പേര് എങ്ങനെയെന്ന് നിങ്ങൾ ചിന്തിക്കുന്നുണ്ടാകും ⇨

**തദ്ദേശീയമായ പരിസ്ഥിതി പ്രസ്ഥാനങ്ങൾ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ രൂപപ്പെടുന്നതിനെക്കുറിച്ച് താങ്കൾ നാളുകളായി നടത്തുന്ന അന്വേഷണത്തിന്റെ ഭാഗമാണല്ലോ 'വേക്കിംഗ് ദ ഗ്രീൻ ടൈഗർ' എന്ന പുതിയ ഡോക്യുമെന്ററിയും. തൃശൂരിൽ വച്ച് നടന്ന കഴിഞ്ഞ വിബ്ജിയോർ ചലച്ചിത്രമേളയിൽ പ്രദർശിപ്പിച്ച ഈ ഡോക്യുമെന്ററി അതിന്റെ ഉള്ളടക്കത്തിന്റെ രാഷ്ട്രീയം കൊണ്ടും നിർമ്മാണത്തിലെ വസ്തുതാപരമായ സൂക്ഷ്മത കൊണ്ടും ഏറെപ്പേരെ ആകർഷിക്കുകയുണ്ടായി. എങ്ങനെയാണ് ചൈനയിലെ പരിസ്ഥിതി പ്രസ്ഥാനത്തിന്റെ തുടക്കത്തെക്കുറിച്ച് അന്വേഷിക്കുന്ന ഈ ഡോക്യുമെന്ററിയുടെ നിർമ്മാണത്തിലേക്ക് താങ്കൾ എത്തിയത്?**


# ഒരു പരിസ്ഥിതി പ്രസ്ഥാനം ചൈനയെ മാറ്റിമറിച്ചത് എങ്ങനെ?

ക്യാമറ എന്ന മാധ്യമത്തിലൂടെ ലോകത്തിന്റെ വിവിധ ഭാഗങ്ങളിലെ പരിസ്ഥിതി പ്രസ്ഥാനങ്ങളുടെ ഉദയത്തെക്കുറിച്ച് അന്വേഷിക്കുന്ന കനേഡിയൻ ഡോക്യുമെന്ററി സംവിധായകൻ സംസാരിക്കുന്നു. ചൈനയിലെ ഗ്രീൻ മൂവ്മെന്റിന്റെ ചരിത്രം അന്വേഷിക്കുന്ന 'വേക്കിംഗ് ദ ഗ്രീൻ ടൈഗർ' എന്ന തന്റെ പുതിയ ഡോക്യുമെന്ററി പ്രദർശിപ്പിക്കാൻ തൃശൂർ വിബ്ജിയോർ ചലച്ചിത്രമേളയിൽ എത്തിയ അദ്ദേഹം ആ സംരംഭത്തെക്കുറിച്ച്...

**ഗാരി മാർകേസ് / കേരളീയം**

എന്റെ മൂന്നാമത്തെ ഡോക്യുമെന്ററിയാണ് 'വേക്കിംഗ് ദ ഗ്രീൻ ടൈഗർ'. മുമ്പ് ചെയ്ത രണ്ട് ഡോക്യുമെന്ററികളും നിങ്ങൾ സൂചിപ്പിച്ചതുപോലെ പരിസ്ഥിതി പ്രസ്ഥാനങ്ങൾ രൂപപ്പെടുന്നതിനെക്കുറിച്ചാണ് അന്വേഷിക്കുന്നത്. ഒന്ന് നോർത്ത് അമേരിക്കയിലെയും രണ്ടാമത്തേത് റഷ്യയിലെയും ഗ്രീൻ മൂവ്മെന്റിന്റെ ചരിത്രത്തെ പിന്തുടരുന്നു. 'ന്യൂക്ലിയർ ഡൈനാമിറ്റ്' (2000) എന്ന ചിത്രം നോർത്ത് അമേരിക്കയിലെ പരിസ്ഥിതി പ്രസ്ഥാനങ്ങളുടെ പിറവിയെക്കുറിച്ചാണ് പറയുന്നത്. 'ന്യൂക്ലിയർ ഡൈനാമിറ്റ്' എന്ന പേര് എങ്ങനെയെന്ന് നിങ്ങൾ ചിന്തിക്കുന്നുണ്ടാകും. നോർത്ത് അമേരിക്കയിലെ പരിസ്ഥിതി പ്രസ്ഥാനങ്ങൾ 1950കളിൽ രണ്ടാം ലോക മഹായുദ്ധത്തെ തുടർന്ന് അമേരിക്കയിലുണ്ടായ സമാധാന പ്രസ്ഥാനങ്ങളുടെ തുടർച്ചയായിരുന്നു. വടക്കൻ പസഫിക്കിനോട് ചേർന്ന് കിടക്കുന്ന നെവാദ എന്ന സ്ഥലത്ത് അമേരിക്ക ഒരുപാട് അണുവായുധങ്ങൾ പരീക്ഷിച്ചിരുന്നു. യുദ്ധാവശ്യങ്ങൾക്കും സമാധാനാവശ്യങ്ങൾക്കുമായി ഒരുപാട് ആണവ സ്ഫോടനങ്ങൾ അവിടെ നടത്തി. അതിന്റെ ഫലമായി സ്ട്രോഞ്ചിയം എന്ന റേഡിയോ ആക്ടീവ് മൂലകം വടക്കൻ പസഫിക് പ്രദേശത്ത് അവശേഷിക്കുകയും അതിന്റെ വികിരണങ്ങൾ സമീപവാസികളായ കുട്ടികളുടെ എല്ലുകളിലും പശുവിന്റെ പാലിലും കണ്ടെത്തുകയും ചെയ്തു. അതോടെയാണ് തദ്ദേശീയരായ ജനങ്ങളുടെ ശക്തമായ ഒരു സമരമായി അത് രൂപപ്പെടുന്നത്. സ്ട്രോഞ്ചിയത്തിലുടെയുള്ള റേഡി


➪ പരിസ്ഥിതി പ്രസ്ഥാനങ്ങളുടെ ഉദയത്തിന് പല നാടുകളിൽ പലവിധ കാരണങ്ങളുണ്ടാകാം ➪




ടിബറ്റൻ പീഠഭൂമിയിൽ നിന്നും യുനാൻ പ്രവിശ്യയിലേക്ക് ഒഴുകുന്ന ന്യു, യാങ്സെ നദികളിൽ പണിയാൻ ഉദ്ദേശിച്ചിരുന്ന 21 അണക്കെട്ടുകളുടെ ഗ്രാഫിക്കൽ മാപ്. ഡോക്യമെന്ററിയിൽ നിന്നുള്ള ദൃശ്യം.

യേഷന്റെ പ്രതിഫലനങ്ങൾ ഭക്ഷ്യശൃംഖലയിൽ വരെയെത്തുമെന്നും അതുവഴി എല്ലാ ജീവജാലങ്ങളെയും അത് ബാധിക്കുമെന്നും നാട്ടുകാർ മനസ്സിലാക്കി. ഭക്ഷ്യശൃംഖലയെക്കുറിച്ചും പരിസ്ഥിതിയെക്കുറിച്ചും ജൈവ ആവാസവ്യവസ്ഥയെക്കുറിച്ചുമുള്ള അവരുടെ ആദ്യ മനസ്സിലാക്കൽ കൂടിയായിരുന്നു അത്. അതോടെ ആ പ്രദേശം ശുദ്ധീകരിക്കണമെന്നും ഇനി അണുബോംബ് പരീക്ഷിക്കാൻ പാടില്ലെന്നുമുള്ള നിലപാടുമായി ജനങ്ങൾ സമരരംഗത്ത് ഉറച്ചുനിന്നു. രണ്ടാമത്തെ ചിത്രമായ 'ആർട്ടിക്: ദ റഷ്യൻ ഡ്രീം ദാറ്റ് ഫെയിൽഡ്' (2004) എന്നതും ആണവമാലിന്യവുമായി ബന്ധപ്പെട്ട വിഷയമായിരുന്നു. റഷ്യയുടെ വടക്കേ അറ്റത്തുള്ള ആർട്ടിക് പ്രദേശത്താണ് അവിടെ പരിസ്ഥിതി പ്രസ്ഥാനം തുടങ്ങുന്നത്. അതും സോവിയറ്റ് യൂണിയന്റെ പതനത്തിന് ശേഷം. സോവിയറ്റ് യൂണിയൻ നിലംപൊത്തിയതോടെ റഷ്യ വലിയ സാമ്പത്തിക പ്രതിസന്ധിയെ അഭിമുഖീകരിക്കുകയും അക്കാരണത്താൽ യുദ്ധത്തിനായി സജ്ജമാക്കിയ കുറേ ആണവ അന്തർവാഹിനികൾ ഉപേക്ഷിക്കുകയും ചെയ്തു. ആർട്ടിക് പ്രദേശത്താണ് ഈ അന്തർവാഹിനികൾ ഉപേക്ഷിക്കപ്പെട്ടത്. അവിടെയും അണുവികിരണത്തിന്റെ പ്രശ്നമുണ്ടാവുകയും തദ്ദേശീയജനത അതിനെതിരെ രംഗത്തുവരികയും ചെയ്തു. അങ്ങനെ അവർ ആ പ്രദേശം ആണവമാലിന്യ മുക്തമാക്കുന്നതിനായി നടത്തുന്ന ശ്രമങ്ങളാണ് ഡോക്യുമെന്ററി ചിത്രീകരിക്കുന്നത്. അമേരിക്കയിലെയും റഷ്യയിലെയും പരിസ്ഥിതി പ്രസ്ഥാനങ്ങളുടെ തുടക്കം ചിത്രീകരിക്കുന്നതിനിടയിലാണ് ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ഈ നിലയിലുള്ള ഒരന്വേഷണം നടത്തണമെന്ന തോന്നൽ എനിക്കുണ്ടായത്.

പരിസ്ഥിതി പ്രസ്ഥാനങ്ങളുടെ ഉദയത്തിന് പല നാടുകളിൽ പലവിധ കാരണങ്ങളുണ്ടാകാം. പൊതുവായും ചില കാര്യങ്ങളുണ്ട്. അത്തരം കാര്യങ്ങൾ ഡോക്യുമെന്റ് ചെയ്യാൻ ശ്രമിക്കുന്നത് ലോകത്തെമ്പാടുമുള്ള പരിസ്ഥിതി പ്രവർത്തകർക്കും രാഷ്ട്രീയ പ്രവർത്തകർക്കും ഉപകാരപ്പെടും എന്നതും എന്റെ പരിഗണനയിലുണ്ടായിരുന്നു. അമേരിക്കയിലും റഷ്യയിലും തുടങ്ങിയ അന്വേഷണം അങ്ങനെയാണ് ഞാൻ ചൈനയിലേക്ക് വ്യാപിപ്പിക്കുന്നത്. ആദ്യം എന്റെ നാടായ കാനഡയിൽ ഇരുന്നുകൊണ്ടുതന്നെ ചൈനയിലെ പരിസ്ഥിതി പ്രസ്ഥാനങ്ങളെക്കുറിച്ച് അന്വേഷിക്കാൻ തുടങ്ങി. അങ്ങനെ ചൈനയിലെ യുനാൻ പ്രവിശ്യയിലെ അപ്പർ യാങ്ത്സെ നദിയിൽ നിർദ്ദേശിക്കപ്പെട്ട അണക്കെട്ടുകൾക്കെതിരെ നടന്ന ഉജ്ജ്വലമായ സമരത്തെക്കുറിച്ച് ഞാൻ അറിഞ്ഞു. അമേരിക്കയിലെയും റഷ്യയിലെയും അന്വേഷണങ്ങളിൽ കണ്ടതിനേക്കാൾ ഒരുപാട് സങ്കീർണ്ണത




ജൂഡിത്ത് ഷാപ്പിറോയുടെ 'മാവോസ് വാർ എഗൻസ്റ്റ് നേച്ചർ' എന്ന പുസ്തകം

ചൈനീസ് വിപ്ലവത്തെ തുടർന്ന് 1949ൽ പീപ്പിൾസ് റിപ്പബ്ലിക് ഓഫ് ചൈന സ്ഥാപിക്കപ്പെടുകയും മാവോയുടെ കൈയിൽ എല്ലാ അധികാരങ്ങളും കേന്ദ്രീകരിക്കുകയും ചെയ്ത സമയത്ത് അദ്ദേഹം കൈക്കൊണ്ട പ്രധാന തീരുമാനം വൻതോതിൽ ഉത്പാദനം നടത്തി പരമാവധി വികസിക്കുക എന്നതായിരുന്നു. ഗ്രേറ്റ് ലീപ് ഫോർവേർഡ് പരിപാടിയെല്ലാം അതിന്റെ ഭാഗമായാണ് ആരംഭിക്കുന്നത്.

കൾ ചൈനയിലെ പരിസ്ഥിതി പ്രസ്ഥാനത്തിന്റെ തുടക്കം എനിക്ക് മുന്നിലെത്തിച്ചു. പരിസ്ഥിതി സംരക്ഷണത്തിന്റെ പ്രാധാന്യത്തെക്കുറിച്ചുള്ള അറിവ് ഒരു പ്രത്യക്ഷ സമരമായി മാറാൻ പ്രയാസമുള്ള സ്ഥലം കൂടിയാണ് ചൈന. അതുകൊണ്ടുതന്നെ ചൈനയുടെ ഒരു രാഷ്ട്രീയ ചരിത്രം കൂടി എന്റെ അന്വേഷണങ്ങളുടെ ഭാഗമായി മാറി.

**അതെ. ഡോക്യുമെന്ററി കണ്ടപ്പോൾ ഞങ്ങൾക്കും അതാണ് അനുഭവപ്പെട്ടത്. ചൈനയിലെ പരിസ്ഥിതി പ്രസ്ഥാനത്തിന്റെ തുടക്കത്തെ മാത്രമല്ല, ജനാധിപത്യത്തിന്റെ വികാസത്തെക്കൂടിയാണ് താങ്കൾ അടയാളപ്പെടുത്തിയിരിക്കുന്നത്. മാവോ സേതുങ്ങിന്റെ വിപ്ലവാനന്തര കാലത്ത് നിന്നും വെങ് ജിയോബോയുടെ പരിഷ്കരണ കാലത്തിലേക്കുള്ള ചൈനയുടെ ഗതിമാറ്റത്തിന്റെ ഒരു പാരിസ്ഥിതിക രേഖാചിത്രം താങ്കൾ വരച്ചുകാട്ടുന്നുണ്ട്. മാവോ സേതുങ്ങിന് പരിസ്ഥിതിയെക്കുറിച്ചുണ്ടായിരുന്ന അജ്ഞതകളും അതിന്റെ ഭാഗമായി സംഭവിച്ച അവിവേകങ്ങളും ഡോക്യുമെന്ററിയിൽ താങ്കൾ തുറന്നു ചർച്ചചെയ്യുന്നുണ്ടല്ലോ?**

ചൈനയിലെ പരിസ്ഥിതി പ്രസ്ഥാനങ്ങളെക്കുറിച്ചുള്ള അന്വേഷണത്തിൽ വ്യാപൃതനായ സമയത്താണ്, മാവോ സേതൂങ്ങിന്റെ ഭരണകാലത്ത് ചൈനയുടെ ജൈവസമൂഹത്തെയും പരിസ്ഥിതിയേയും ഇളക്കിമറിച്ച ചെയർമാൻ മാവോയുടെ ചിന്താശൂന്യമായ ചില കാമ്പയിനുകളെക്കുറിച്ച് ഞാൻ ആദ്യമായി അറിയുന്നത്. ലോകത്തെമ്പാടും പാരിസ്ഥിതിക അവബോധം താരതമ്യേന കുറവുള്ള കാലമായിരുന്നു അതെങ്കിലും ചെയർമാൻ മാവോയുടെ കാര്യത്തിൽ പാരിസ്ഥിതിക ചിന്ത അശേഷം കുറവായിരുന്നു എന്നതിന്റെ ഞെട്ടിക്കുന്ന ചില വിവരങ്ങൾ ഞാൻ അറിഞ്ഞു. അമേരിക്കൻ ഗവേഷകയായ ജൂഡിത്ത് ഷാപ്പിറോ എഴുതിയ 'മാവോസ് വാർ എഗൻസ്റ്റ് നേച്ചർ' എന്ന പുസ്തകത്തിൽ നിന്നാണ് ആ വിവരങ്ങൾ ഞാൻ അറിയുന്നത്. മാവോ സേതൂങ്ങിനുണ്ടായിരുന്ന തീവ്രമായ വികസനത്വര എങ്ങനെയാണ് ചൈനയുടെ പരിസ്ഥിതിയേയും മനുഷ്യബന്ധങ്ങളെയും നശിപ്പിച്ചത് എന്നതിന്റെ ചരിത്രരേഖകൾ അനാവൃതമാക്കുന്ന പുസ്തകമാണ് 'മാവോസ് വാർ എഗൻസ്റ്റ് നേച്ചർ'. ചൈനീസ് വിപ്ലവത്തെ തുടർന്ന് 1949ൽ പീപ്പിൾസ് റിപ്പബ്ലിക് ഓഫ് ചൈന സ്ഥാപിക്കപ്പെടുകയും മാവോയുടെ കൈയിൽ എല്ലാ അധികാരങ്ങളും കേന്ദ്രീകരിക്കുകയും ചെയ്ത സമയത്ത് അദ്ദേഹം കൈക്കൊണ്ട പ്രധാന തീരുമാനം വൻതോതിൽ ഉത്പാദനം നടത്തി പരമാവധി വികസിക്കുക എന്നതായിരുന്നു. ഗ്രേറ്റ് ലീപ് ഫോർവേർഡ് പരിപാടിയെല്ലാം അതിന്റെ ഭാഗമായാണ് ആരംഭിക്കുന്നത്. ആ സമയത്ത് മാവോ മുന്നോട്ട് വച്ച ഒരു മുദ്രാവാക്യമായിരുന്നു 'മാൻ ക്യാൻ കോൺക്വേർ നേച്ചർ' (മനുഷ്യന് പ്രകൃതിയെ കീഴടക്കാൻ കഴിയും) എന്നത്. അധ്വാനത്തിന്റെ തീ



'മാൻ ക്യാൻ കോൺക്വേർ നേച്ചർ' എന്ന മാവോ സേതൂങ്ങിന്റെ കാമ്പയിനിന്റെ ഭാഗമായി ഡയാച്ചി തടാകം നികത്താൻ നേതൃത്വം നൽകുന്ന യുവതി. ചൈനീസ് നാഷണൽ ആർക്കൈവിലെ ദൃശ്യത്തിൽ നിന്നും.

ക്ഷ്ണത പരമാവധി കൂട്ടി കാർഷികവൃത്തിയും വ്യാവസായികോത്പാദനവും വർദ്ധിപ്പിക്കുക എന്നതാണ് മാവോ ഈ മുദ്രാവാക്യത്തിലൂടെ ഉദ്ദേശിച്ചത്. ചൈനയുടെ വളർച്ചയെക്കുറിച്ച് മാത്രമാണ് അദ്ദേഹം ചിന്തിച്ചത്. മിക്ക രാജ്യങ്ങളും സമാനമായ ചിന്തയിലൂടെ കടന്നുപോയിരുന്ന കാലമാണത്. മാവോ കുറച്ചുകൂടി വലിയ അളവിൽ ആ ചിന്ത ചൈനയിൽ നടപ്പിലാക്കാൻ ശ്രമിച്ചു. ഒഴിഞ്ഞുകിടക്കുന്ന സ്ഥലങ്ങളിലെല്ലാം കൃഷിയിറക്കാൻ അദ്ദേഹം നിർബന്ധിച്ചു. കാടുപോലും തരിശ്ശായ സ്ഥലമായി വിലയിരുത്തപ്പെട്ടു. കാടെല്ലാം വെട്ടിമാറ്റി ധാന്യകൃഷി തുടങ്ങി. ചൈനയിലെ ഏറ്റവും ജൈവസമ്പന്നമായ പ്രദേശമായിരുന്ന യുനാൻ പ്രവിശ്യയിലെ 35,000 ചതുരശ്ര കിലോമീറ്റർ സ്ഥലത്തുള്ള കാടാണ് കൃഷിക്കായി വെട്ടിത്തെളിക്കപ്പെട്ടത്. ഡയാച്ചി എന്നറിയപ്പെടുന്ന ഒരു വലിയ തടാകം വരെ നികത്തി കൃഷി തുടങ്ങാൻ മാവോ ആഹ്വാനം ചെയ്തു. സംഘടിത ജനശക്തി കല്ലും മണ്ണും നിറച്ച് ഡയാച്ചി തടാകം നികത്തുന്ന ദൃശ്യങ്ങൾ ഞാൻ ഡോക്യുമെന്ററിയിൽ കാണിക്കുന്നുണ്ട്. അതുപോലെ ധാന്യവിളകൾ നശിപ്പിക്കുന്നു എന്ന പേരിൽ കുരുവികളെയും ചുണ്ടെലികളെയും കൂട്ടത്തോടെ കൊന്നുകളയാനും മാവോ ആഹ്വാനം ചെയ്തു. 'കില്ലിംഗ് സ്പാരോസ്' എന്നാണ് ആ കാമ്പയിൻ അറിയപ്പെട്ടിരുന്നത്. കൂടുതൽ കുരുവികളെ കൊല്ലുന്നവർക്ക് സർക്കാറിന്റെ വക പാരിതോഷികവുമുണ്ടായിരുന്നു. കുരുവികളെ കൊല്ലുന്ന പരിപാടിയിൽ പങ്കെടുത്ത അനുഭവം ചൈനീസ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ മുതിർന്ന അംഗവും ചൈനയിലെ പരിസ്ഥിതി പ്രസ്ഥാനങ്ങളുടെ തുടക്കക്കാരനുമായ ക്യു ജെപിംഗ് ഡോക്യുമെന്ററിയിൽ വിശദീകരിക്കുന്നുണ്ടല്ലോ. അഞ്ചാം ക്ലാസിൽ പഠിക്കുന്ന സമയത്ത് അദ്ദേഹം കുരുവികളെ കൊല്ലുന്ന പരിപാടിയിൽ നേരിട്ട് പങ്കെടുത്തിട്ടുണ്ട്. ഇന്ന് ആലോചിക്കുമ്പോൾ വളരെ ഞെട്ടലോടെയാണ് അക്കാര്യങ്ങൾ അദ്ദേഹം ഓർമ്മിക്കുന്നത്. നെൽച്ചെടികൾ നശിപ്പിക്കാനെത്തുന്ന കീടങ്ങളെ തിന്നിരുന്നത് ഈ കുരുവികളായിരുന്നു. അവയെല്ലാം കൂട്ടത്തോടെ കൊന്നൊടുക്കപ്പെട്ടതോടെ കീടബാധകാരണം വലിയ കൃഷിനാശമുണ്ടായി. മരം വെട്ടിത്തെളിച്ച് കൃഷി തുടങ്ങിയിടത്തെല്ലാം മണ്ണ് വെയിലേറ്റ് തരിശ്ശായി മാറി. അവിടെയൊന്നും അധികാലം കൃഷി നിലനിന്നില്ല.

മാവോയുടെ തീവ്രവ്യവസായശ്രമങ്ങളും പരാജയപ്പെട്ടതായാണ് ക്യു ജെപിംഗ് സാക്ഷ്യപ്പെടുത്തുന്നത്. ഇരുമ്പുരുക്ക് വ്യവസായം വ്യാപകമാക്കാനാണ് മാവോ ഉദ്ദേശിച്ചിരുന്നത്. യന്ത്രങ്ങളല്ല, സൈന്യത്തിന്റെ കായികശേഷിയാണ് അതിനായി ഉപയോഗിക്കപ്പെട്ടത്. യുദ്ധമുഖത്ത് ഇടപെടുന്ന തരത്തിലാണ് അവർ ഇരുമ്പ് കുഴിച്ചെടുക്കാൻ തുടങ്ങിയത്. ഇരുമ്പുരുക്കുന്നതിനുള്ള ചൂളയ്ക്ക് വേണ്ടി ഒരുപാട് മരങ്ങൾ മുറിക്കപ്പെട്ടു. എന്നിട്ടും ആ ചൂളകൾ വേണ്ടത്ര പ്രവർത്തനക്ഷമമായില്ല. അതോടെ മാവോയുടെ വ്യവസായഭ്രമവും പരാജയപ്പെട്ടു.

**ക്യു ജെപിംഗ് ആ ചരിത്രം വിശദമായി തന്നെ ഡോക്യുമെന്ററിയിൽ പറയുന്നുണ്ടല്ലോ. മാവോയുടെ നേതൃത്വത്തെ അദ്ദേഹം ശക്തമായി വിമർശിക്കുന്നുമുണ്ട്. അക്കാലത്തെ പല ദൃശ്യങ്ങളും താങ്കൾ ഉപയോഗിച്ചിട്ടുമുണ്ട്. പരിസ്ഥിതിയെ മറന്നുകൊണ്ടുള്ള വികസനാഭിനിവേശത്തിന്റെ പ്രശ്നം ഇത്ര സൂക്ഷ്മമായി മനസ്സിലാക്കാൻ എങ്ങനെയാണ് കഴിഞ്ഞത്?**

ചൈനയിലെ പരിസ്ഥിതി പ്രസ്ഥാനങ്ങളുടെ തുടക്കം അന്വേഷിച്ചെത്തിയ എനിക്ക് വിപ്ലവാനന്തരം ചൈനയിൽ നടന്ന സംഘടിതമായ പരിസ്ഥിതി നശീകരണത്തിന്റെ ചരിത്രത്തിലൂടെ സ്വാഭാവികമായും കടന്നുപോകേണ്ടിവരുന്നുണ്ട്. ജൂഡിത്ത് ഷാപ്പിറോയുടെ പുസ്തകത്തിലൂടെ അറിഞ്ഞ കാര്യങ്ങൾ

⇨ അതാണ് മാവോയുടെ കാര്യത്തിൽ സംഭവിച്ചതെന്ന് ക്യു ജെപിംഗ് ഓർമ്മിച്ചെടുക്കുന്നു ⇨

ക്യു ജെപിംഗാണ് എനിക്ക് കൂടുതൽ വിശദമാക്കി തന്നത്. ചൈനീസ് കമ്മ്യൂണിസ്റ്റ് പാർട്ടിയിലെ ഒരു മുതിർന്ന അംഗം കൂടിയായ അദ്ദേഹം അക്കാര്യങ്ങൾ വിമർശനാത്മകമായി സമീപിക്കാൻ തയ്യാറുള്ള ഒരാളാണ്. പതിനേഴാം വയസ്സിൽ പാർട്ടി അംഗമായ ആളാണ് അദ്ദേഹം. പരിസ്ഥിതി പ്രശ്നങ്ങൾ മുതലാളിത്തത്തിന്റെ അനുബന്ധമാണെന്നും ഒരു സോഷ്യലിസ്റ്റ് രാജ്യമായ ചൈനയ്ക്ക് അതൊന്നും ബാധകമല്ലെന്നുമായിരുന്നു മാവോയുടെ വിശ്വാസം. പരമ്പരാഗത കൃഷിയിരീതിയും ഉത്പാദന മാർഗ്ഗങ്ങളും തുടർന്നാൽ വളർച്ച കൈവരിക്കാൻ കഴിയില്ലെന്ന് മാവോ കരുതി. യുദ്ധമുഖത്തെ അനുഭവസമ്പത്ത് മാത്രമുണ്ടായിരുന്ന സൈന്യത്തെയാണ് പുരോഗതി കൈവരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ മാവോ ഏൽപ്പിച്ചത് എന്നതായിരുന്നു പ്രധാന പ്രശ്നം, ക്യു ജെപിംഗ് പറയുന്നു. 1950കളിൽ ഗ്രേറ്റ് ലീപ് ഫോർവേർഡ് കാമ്പയിന്റെ കാലത്ത് തുടങ്ങിയ പരിപാടി 1966ൽ സാംസ്കാരിക വിപ്ലവത്തിന് ചെയർമാൻ മാവോ ആഹ്വാനം നൽകിയതോടെ കൂടുതൽ രൂക്ഷമായതായി ക്യു ജെപിംഗ് സാക്ഷ്യപ്പെടുത്തുന്നു. സാംസ്കാരിക വിപ്ലവകാലത്ത് സ്കൂളുകളും യൂണിവേഴ്സിറ്റികളും അടച്ചിട്ടുകൊണ്ട് എല്ലാവരും ചൈനയുടെ പുരോഗതിക്കായി പണിയെടുക്കാൻ നിർബന്ധിതരായി. കണക്കിൽപ്പെടുത്താൻ കഴിയാത്തത്ര പരിസ്ഥിതി വിനാശവും ഭക്ഷ്യക്ഷാമവുമായിരുന്നു അതിന്റെ അനന്തരഫലം എന്നും ക്യു ജെപിംഗ് പറയുന്നു. അധികാരം ഒരാളിൽ കേന്ദ്രീകരിച്ചാൽ അയാളുടെ നന്മയും തിന്മയും ഒരുപോലെ രാജ്യത്തിന്റെ പ്രവൃത്തികളിൽ പ്രതിഫലിക്കും. അതാണ് മാവോയുടെ കാര്യത്തിൽ സംഭവിച്ചതെന്ന് ക്യു ജെപിംഗ് ഓർമ്മിച്ചെടുക്കുന്നു.


ക്യു ജെപിംഗ്. ചൈനയിലെ പരിസ്ഥിതി പ്രസ്ഥാനങ്ങളുടെ തുടക്കക്കാരൻ.

ക്യു ജെപിംഗ് പറഞ്ഞ വിവരങ്ങൾ സ്ഥിരീകരിക്കുന്നതിനായി ഞാൻ ചൈനീസ് ആർക്കൈവിൽ നിന്നും അക്കാലത്തെ ദൃശ്യങ്ങൾ ശേഖരിച്ചു. പുരോഗതിക്കുവേണ്ടി പ്രകൃതിക്കുമേൽ നടത്തിയ അതിരൂക്ഷമായ മാവോയുടെ ഇടപെടലുകളുടെ ദൃശ്യങ്ങൾ മിക്കതും ആർക്കൈവിൽ നിന്നും ലഭ്യമായിരുന്നു. അതാണ് ഞാൻ ഡോക്യുമെന്ററിയിൽ ഉപയോഗിച്ചിരിക്കുന്നത്. ദൃശ്യങ്ങൾ കൂടാതെ അന്നത്തെ ചില ഫോട്ടോഗ്രാഫുകളും ഞാൻ ശേഖരിച്ചിട്ടുണ്ട്. 'മാൻ ക്യാൻ കോൺക്വേർ നേച്ചർ' എന്ന കാമ്പയിനിൽ പങ്കെടുത്ത ആളുകളെ നേരിൽ കണ്ട് സംസാരിക്കുന്നതിനും ഞാൻ ശ്രമിച്ചു. അതിൽ പലരും പറയുന്ന കാര്യങ്ങൾ ഡോക്യുമെന്ററിയിൽ നിങ്ങൾക്ക് കാണാം. ഈ ചരിത്രപശ്ചാത്തലത്തിൽ നിന്ന് പരിശോധിക്കുമ്പോഴാണ് ചൈനയിലെ പരിസ്ഥിതി പ്രസ്ഥാനങ്ങൾക്ക് വലിയ രാഷ്ട്രീയ ദൗത്യം നിർവഹിക്കാനുണ്ടായിരുന്നു എന്ന കാര്യം നമുക്ക് മനസ്സിലാകുന്നത്.

**അതെ, ചൈനയിലെ പരിസ്ഥിതി പ്രസ്ഥാനം ചൈനീസ് ജനാധിപത്യത്തിന്റെ വികാസം കൂടിയായാണ് താങ്കൾ ഡോക്യുമെന്ററിയിൽ അടയാളപ്പെടുത്തുന്നത്. ജനങ്ങൾക്ക് പാരിസ്ഥിതികമായ തിരിച്ചറിവുണ്ടാവുകയും അവർക്ക് തങ്ങളുടെ വാദങ്ങൾ സർക്കാറിന് മുന്നിൽ അവതരിപ്പിക്കാൻ കഴിയുകയും ചെയ്യുന്ന സാഹചര്യമുണ്ടാകുന്നു. ജനാധിപത്യപരമായ സംവാദങ്ങൾക്ക് മാധ്യമങ്ങളിൽ ഇടമൊരുങ്ങുന്നു. ഇതെല്ലാം താങ്കൾ വ്യക്തമായി കാണിക്കുന്നുണ്ടല്ലോ. ടൈഗർ ലീപിംഗ് ഗോർജ് ഡാമിനെതിരെ നടന്ന സമരത്തോടെയാണോ പാരിസ്ഥിതിക-ജനാധിപത്യ ചിന്തകൾക്ക് ചൈനയിൽ ഇടമുണ്ടായിത്തുടങ്ങുന്നത്?**

ചൗ എൻലായുടെ കാലത്ത് തന്നെ പരിസ്ഥിതി പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള ശ്രമങ്ങൾ ചൈനയിൽ ആരംഭിക്കുന്നുണ്ട്. അത്രയ്ക്ക് രൂക്ഷമായ പരിസ്ഥിതി പ്രശ്നങ്ങളിലൂടെ ചൈന അക്കാലത്ത് കടന്നുപോയിരുന്നു. ക്യു ജെപിംഗ് തന്നെയാണ് സർക്കാർ തലത്തിലും പാർട്ടി തലത്തിലും ആ ശ്രമങ്ങൾക്ക് തുടക്കം കുറിച്ചത്. 1972ൽ സ്റ്റോക്ഹോമിൽ വച്ച് നടന്ന പ്രശസ്തമായ യു.എൻ പരിസ്ഥിതി ഉച്ചകോടിയിൽ ക്യു ജെപിംഗ് ഉൾപ്പെടെയുള്ള ഒരു ചൈനീസ് പ്രതിനിധി സംഘം പങ്കെടുത്തിരുന്നു. പാരിസ്ഥിതിക ചിന്തകൾക്ക് നയപരമായ തീരുമാനങ്ങളിൽ ഇടം ലഭിച്ചുതുടങ്ങിയത് അക്കാലം മുതലാണ്. എന്നിരുന്നാലും പുരോഗതിക്കായുള്ള ഒടുങ്ങാത്ത ആസക്തി ചൈന തുടർന്നുപോന്നു. ജലവൈദ്യുത പദ്ധതികൾക്കായി കെട്ടിയുയർത്തിയ ഡാമുകൾ ജനങ്ങളെ കുടിയൊഴിപ്പിക്കുകയും നൈസർഗിക വനങ്ങളെ നശിപ്പിക്കുകയും ചെയ്തു. 1980ൽ നിർമ്മിക്കപ്പെട്ട മാൻവാൻ ഡാം ഏഴായിരത്തിലധികം കർഷ

കരെയാണ് അവരുടെ ഭൂമിയിൽ നിന്നും പിഴുതെറിഞ്ഞത്. ആ രീതിയിൽ നോക്കിയാൽ പരിസ്ഥിതി സംരക്ഷണത്തിനും അതിജീവനത്തിനുമായി ജനങ്ങളുടെ മുൻകൈയിലുള്ള ഒരു സമരം ആരംഭിക്കുന്നത് ടൈഗർ ലീപിംഗ് ഗോർജ് ഡാമിനെതിരെ നടന്ന മുന്നേറ്റത്തോടെയാണ്. ആ പ്രക്ഷോഭത്തെക്കുറിച്ചാണ് എന്റെ ഡോക്യുമെന്ററി മുഖ്യമായും സംസാരിക്കുന്നത്.

ടിബറ്റൻ പീഠഭൂമിയിൽ നിന്നും യുനാൻ പ്രവിശ്യയിലേക്ക് ഒഴുകുന്ന ന്യൂ, മേക്കോങ്, യാങ്സെ തുടങ്ങിയ പ്രധാന നദികളെല്ലാമായി 21 അണക്കെട്ടുകളായിരുന്നു ചൈനീസ് പവർ കോർപ്പറേഷൻ നിർമ്മിക്കാൻ ഉദ്ദേശിച്ചിരുന്നത്. 2003 വരെ പ്രതിബന്ധങ്ങളൊന്നുമില്ലാത ഡാം നിർമ്മാണം പുരോഗമിച്ചു. അതിലൊരു ഡാമാണ് ടൈഗർ ലീപിംഗ് ഗോർജ്. അതിന്റെ നിർമ്മാണം തുടങ്ങുന്ന സമയത്താണ് 2004ൽ ആദ്യമായി പരിസ്ഥിതി പ്രവർത്തകർ ഒരു സർക്കാർ പദ്ധതിക്കെതിരെ പ്രതിഷേധവുമായി ചൈനയിൽ രംഗത്തെത്തുന്നത്. ഒരുലക്ഷം കർഷകരാണ് ആ ഡാം വന്നാൽ കുടിയൊഴിപ്പിക്കപ്പെടാൻ പോകുന്നത്.

**ആ സമരത്തിന്റെ വിശദാംശങ്ങളെല്ലാം ഡോക്യുമെന്ററിയിൽ താങ്കൾ വ്യക്തമായി പറയുന്നുണ്ട്. പ്രാദേശിക പത്രപ്രവർത്തകരായിരുന്നല്ലോ സമരത്തിന് തുടക്കം കുറിച്ചത്. എന്തുകൊണ്ടാണ് ജേർണലിസ്റ്റുകളുടെ ഒരു മുൻകൈ ഈ സമരത്തിലുണ്ടാകുന്നത്?**

വളരെ വർഷങ്ങൾക്ക് മുന്നേ പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾ തുടങ്ങിയ ഒരു സ്ഥലമായിരുന്നു ആ പ്രദേശം. അതീവ സമ്പന്നമായ ജൈവവൈവിധ്യ മേഖലയാണ് യുനാൻ പ്രവിശ്യ. ഗോൾഡൻ മങ്കി എന്നറിയപ്പെടുന്ന, വംശനാശഭീഷണി നേരിടുന്ന അപൂർവ്വ ഇനം കുരങ്ങുകളുടെ സംരക്ഷണത്തിന് വേണ്ടിയുള്ള പ്രവർത്തനങ്ങൾ തൊണ്ണൂറുകളിൽ അവിടെ നടന്നിട്ടുണ്ട്. പരിസ്ഥിതി സംരക്ഷണത്തിന്റെ സന്ദേശങ്ങൾ ജനങ്ങളിലെത്തിക്കുന്നതിന് ആ കാമ്പയിൻ സഹായിച്ചിട്ടുണ്ട്. തദ്ദേശീയരായ ചില ഫോട്ടോഗ്രാഫർമാരും ജേർണലിസ്റ്റുകളുമാണ് അതിന് മുൻകൈയെടുത്തത്. ഫ്രണ്ട്സ് ഓഫ് നേച്ചർ എന്ന പേരിലുള്ള പരിസ്ഥിതി സ്നേഹികളുടെ ചെറിയ ഗ്രൂപ്പും അവിടെ പ്രവർത്തിച്ചിരുന്നു. അങ്ങനെ രൂപപ്പെട്ട പരിസ്ഥിതി സംവേദനത്വമാണ് പിന്നീട് ഡാമിനെതിരായ സമരമായി രൂപാന്തരപ്പെട്ടത്. ഡാമിനെക്കുറിച്ചും അതുണ്ടാക്കാൻ പോകുന്ന നാശനഷ്ടങ്ങളെക്കുറിച്ചുമുള്ള വിശദാംശങ്ങളറിയാൻ മാധ്യമപ്രവർത്തകർക്കായിരുന്നു ഏറെ അവസരമുണ്ടായിരുന്നത്. മറ്റ് തദ്ദേശീയരെല്ലാം വളരെ സാധാരണക്കാരായ ഗ്രാമീണ കർഷകരായിരുന്നു. അവരോട് ഒഴിഞ്ഞുപോകണം എന്നുമാത്രമാണ് സർക്കാർ പറഞ്ഞിരുന്നത്. മറ്റ് കാര്യങ്ങളൊന്നും അവർക്കറിയില്ലായിരുന്നു. ഒരുകൂട്ടം പ്രാദേശിക മാധ്യമപ്രവർത്തകരാണ് കർഷകരെ കാര്യങ്ങൾ പറഞ്ഞ് ബോധ്യപ്പെടുത്തുന്നതും സമരരംഗത്തേക്ക് കൊണ്ടുവരുന്നതും. അവർ തുടങ്ങിവച്ച കാമ്പയിനാണ് പിന്നീട് കർഷകരുടെ മുൻകൈയിലുള്ള വലിയ സമരമായി മാറുന്നത്. ഷീലിഹോംങ് എന്ന യുവതി ടൈഗർ ലീപിംഗ് ഗോർജിലെ പ്രതിഷേധങ്ങളെ വീഡിയോയിൽ ചിത്രീകരിക്കുകയും മറ്റ് പല സ്ഥലങ്ങളിലും അത് പ്രദർശിപ്പിക്കുകയും ചെയ്തു. അവർ പകർത്തിയ ദൃശ്യങ്ങൾ ഞാൻ ഡോക്യുമെന്ററിയിൽ ഉപയോഗിച്ചിട്ടുണ്ട്. വൈൽഡ് ചൈന ഫിലിംസ് എന്ന പേരിൽ പരിസ്ഥിതി ഡോക്യുമെന്ററികൾ ചിത്രീകരിക്കുന്ന ഒരു പ്രൊഡക്ഷൻ ടീമായി അവരുടെ ആശ്രമം പിന്നീട് വളർന്നു.

ലീപിംഗ് ഗോർജിലെ തദ്ദേശീയരായ കർഷകർ ആദ്യം ചെറിയ പ്രതിഷേധ മീറ്റിംഗുകളാണ് സംഘടിപ്പിച്ചത്. അതിലൂടെ കൂടുതൽ ആളുകളെ അവർ സമരരംഗത്തേക്ക് എത്തിച്ചു. നോട്ടീസുകൾ വ്യാപകമായി വിതരണം ചെയ്യപ്പെട്ടു. മറ്റ് പ്രദേശങ്ങളിലുള്ള മാധ്യമപ്രവർത്തകരും ഈ വിഷയത്തെക്കുറിച്ചുള്ള വാർത്തകൾ നിരന്തരം റിപ്പോർട്ട് ചെയ്യാൻ തുടങ്ങി. ചൈനയിലെ പരിസ്ഥിതി മാധ്യമപ്രവർത്തനത്തിന്റെ തുടക്കം കൂടിയായിരുന്നു അത്. പല സ്ഥലങ്ങളിൽ നിന്നും തദ്ദേശീയ പരിസ്ഥിതി പ്രശ്നങ്ങളുടെ വാർത്തകൾ വ്യാപകമായി മാധ്യമങ്ങളിൽ വരാൻ തുടങ്ങി. പ്രാദേശിക പത്രങ്ങളിലാണ് അത്തരം വാർത്തകൾ വന്നിരുന്നതെങ്കിലും പിന്നീട് സതേൺ വീക്കെൻഡ് പോലെയുള്ള ദേശീയ പത്രങ്ങൾ ആ വാർത്തകൾ ഏറ്റെടുക്കാൻ തുടങ്ങി. സർക്കാർ തീരുമാനത്തിൽ സമ്മർദ്ദം ചെലുത്താൻ ഇതെല്ലാം കാരണമായിത്തീർന്നെങ്കിലും സമരം തന്നെയാണ് ടൈഗർ ലീപിംഗ് ഗോർജിൽ വിജയിച്ചത്. ഡാം സൈറ്റിൽ സർവ്വെ നടത്താൻ വന്ന ചൈനീസ് പവർ കോർപ്പറേഷന്റെ ജീവനക്കാരെ കർഷകർ തടഞ്ഞു. പട്ടാളം ഇറങ്ങുമെന്ന് പറഞ്ഞിട്ടുപോലും അവർ പിന്മാറിയില്ല. ഒടുവിൽ അന്നത്തെ പ്രധാനമന്ത്രി വെൻ ജിയാ

ബാവോ, ടൈഗർ ലീപിംഗ് ഗോർജ് ഡാം നിർമ്മാണത്തിൽ നിന്നും സർക്കാർ പിന്മാറുന്നതായി പ്രഖ്യാപിച്ചു. അങ്ങനെ ചൈനയിൽ രൂപപ്പെട്ട ആദ്യത്തെ പാരിസ്ഥിതിക ചെറുത്തുനിൽപ്പ് തന്നെ വിജയം കണ്ടു.

**ഏകപാർട്ടി ഭരണം നിലനിൽക്കുന്ന ഒരു രാജ്യത്ത് അഭിപ്രായ ബഹുത്വത്തിന് ഇടമുണ്ടായിവരുന്നതിന്റെ, ആരോഗ്യകരമായ ജനാധിപത്യ സംവാദങ്ങൾ വികസിച്ചുവരുന്നതിന്റെ തുടക്കം കൂടിയായല്ലേ താങ്കൾ ഈ സമരത്തെ കാണുന്നത്? ഡോക്യുമെന്ററി കാണുമ്പോൾ അങ്ങനെയാണ് അനുഭവപ്പെടുന്നത്.**

അതെ. ചൈനയുടെ ചരിത്രം പരിശോധിക്കുകയാണെങ്കിൽ, ടൈഗർ ലീപിംഗ് ഗോർജ് ഡാമിനെതിരായി നടന്ന സമരത്തിന്റെ കാലമെത്തുമ്പോഴേക്കും ജനങ്ങളുടെ അവകാശങ്ങളോടുള്ള സർക്കാറിന്റെ സമീപനം മാറിവരുന്ന കാഴ്ച നമുക്ക് കാണാൻ കഴിയും. വെൻ ജിയാബാവോ വളരെ ജനാധിപത്യപരമായി തന്നെയാണ് സമരത്തെ നേരിട്ടത്. യുനാൻ പ്രവിശ്യയിലെ ജനങ്ങളും അവരെ പിന്തുണച്ച മാധ്യമപ്രവർത്തകരും നടത്തിയ കാമ്പയിൻ പരിസ്ഥിതി സംബന്ധമായ വിഷയങ്ങളിൽ ചൈനീസ് സർക്കാറിനും ചില ഉൾക്കാഴ്ചകൾ നൽകി എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. വൻകിട വികസന പദ്ധതികളിൽ നിന്നൊന്നും അവർ പിന്മാറിയില്ലെങ്കിലും പരിസ്ഥിതി സംവാദങ്ങൾക്ക് നേരെ മുഖംതിരിക്കാൻ കഴിയില്ല എന്ന സ്ഥിതി സംജാതമായി. എന്തെങ്കിലുമൊക്കെ ചെയ്യാൻ സർക്കാർ നിർബന്ധിതരായി. ജലവൈദ്യുത പദ്ധതികളെ ഊർജ്ജത്തിനായി ആശ്രയിക്കുന്നത് നിർത്താനും മറ്റ് പരമ്പരാഗത ഊർജ്ജ സ്രോതസ്സുകൾ അന്വേഷിക്കുന്നതിനും ഡാമുകൾ കെട്ടുന്നത് കുറയ്ക്കാനും സർക്കാർ സന്നദ്ധമായി. യുനാൻ പ്രവിശ്യയിൽ നിർദ്ദേശിക്കപ്പെട്ടിരുന്ന ഡാമുകളുടെ എണ്ണം ഇരുപത്തിയൊന്നിൽ നിന്നും നാലായി ചുരുങ്ങി. മെക്കോങ്ങ് നദിയിൽ ഡാം കെട്ടിയതിന്റെ ഭാഗമായി കുടിയൊഴിപ്പിക്കപ്പെട്ടവർക്ക് നഷ്ടപരിഹാരം നൽകാൻ തീരുമാനമുണ്ടായി. വലിയ വികസനപദ്ധതികൾ വരുന്നതിന് മുന്നോടിയായി പൊതുജനാഭിപ്രായം കേൾക്കാൻ സർക്കാർ തയ്യാറായി. എൻവയോൺമെന്റൽ ഇംപാക്ട് അസസ്മെന്റ് ലോ ചൈനയിൽ നിലവിൽ വന്നതും ആ സമയത്താണ്. പൊതുജനാഭിപ്രായം ആരായണം എന്ന് ആ നിയമത്തിലും നിർദ്ദേശിക്കപ്പെട്ടു. കൂടാതെ ചൈനയിലെ ദേശീയ മാധ്യമങ്ങൾ സർക്കാറിനെതിരായ ജനങ്ങളുടെ പ്രതിഷേധങ്ങളും പ്രാദേശിക പരിസ്ഥിതി പ്രശ്നങ്ങളും വ്യാപകമായി റിപ്പോർട്ട് ചെയ്യാൻ തുടങ്ങി. ചൈനീസ് സെൻട്രർ ടെലിവിഷൻ എന്ന ഔദ്യോഗിക ദേശീയ വാർത്താചാനൽ വരെ ലീപിംഗ് ടൈഗർ ഗോർജിൽ നടക്കുന്ന സമരത്തെക്കുറിച്ച് ചർച്ച ചെയ്യാൻ തയ്യാറായി. അന്നത്തെ പ്രധാനമന്ത്രിയായിരുന്ന വെൻ ജിയാബാവോ വികസനകാര്യങ്ങളിൽ ഒരു പുനരാലോചനയ്ക്ക് തയ്യാറായതിന് പിന്നിൽ മാധ്യമങ്ങൾക്കും വലിയ പങ്കുണ്ട്. ഇക്കാരണങ്ങളാലാണ് ചൈനയിലെ ജനാധിപത്യവികാസത്തിന്റെ തുടക്കം കൂടിയാണ് പരിസ്ഥിതി പ്രസ്ഥാനങ്ങളുടെ ഉദയം എന്ന് ഞാൻ കരുതാൻ കാരണം. ഏകപാർട്ടി സർവ്വാധിപത്യത്തിനെതിരെ 1989ൽ ചൈനീസ് വിദ്യാർത്ഥികൾ നയിച്ച ടിയാനൻമെൻ സ്ക്വയർ സമരത്തോടെ തുടങ്ങിയ ഒരു ജനാധിപത്യ ചർച്ചയുടെ തുടർച്ച തന്നെയാണ് പരിസ്ഥിതി പ്രസ്ഥാനങ്ങളിലേക്കും പടർന്നത്. ഇന്ന് ആയിരക്കണക്കിന് പരിസ്ഥിതി പ്രസ്ഥാനങ്ങൾ ചൈനയിൽ പ്രവർത്തിക്കുന്നുണ്ട്. ഫേസ് ടു ഫേസ് മീഡിയ എന്ന ഞങ്ങളുടെ പ്രൊഡക്ഷൻ കമ്പനിയുടെ വെബ്സൈറ്റിൽ ചൈനയിലെ പരിസ്ഥിതി പ്രസ്ഥാനങ്ങളുടെ വെബ് ലിങ്ക് കൊടുത്തിട്ടുണ്ട്. 'മനുഷ്യന് പ്രകൃതിയെ കീഴ്പ്പെടുത്താനാകും' എന്ന മുദ്രാവാക്യം മുഴങ്ങിയിരുന്ന ചൈനയിൽ നിന്നും ആയിരക്കണക്കിന് പരിസ്ഥിതി ഗ്രൂപ്പുകൾ പ്രവർത്തിക്കുന്ന ഇന്നത്തെ ചൈനയിലേക്കുള്ള മാറ്റം നിങ്ങൾക്ക് അത് പരിശോധിച്ചാൽ വ്യക്തമാകും. ലോകത്തിന്റെ വിവിധ കോണുകളിൽ പരിസ്ഥിതി പ്രസ്ഥാനങ്ങൾ ജനാധിപത്യത്തിന് നൽകിയ സംഭാവനകളെയാണ് ഞാൻ ഡോ

ഇക്കാരണങ്ങളാലാണ് ചൈനയിലെ ജനാധിപത്യ വികാസത്തിന്റെ തുടക്കം കൂടിയാണ് പരിസ്ഥിതി പ്രസ്ഥാനങ്ങളുടെ ഉദയം എന്ന് ഞാൻ കരുതാൻ കാരണം. ഏകപാർട്ടി സർവ്വാധിപത്യത്തിനെതിരെ 1989ൽ ചൈനീസ് വിദ്യാർത്ഥികൾ നയിച്ച ടിയാനൻമെൻ സ്ക്വയർ സമരത്തോടെ തുടങ്ങിയ ഒരു ജനാധിപത്യ ചർച്ചയുടെ തുടർച്ച തന്നെയാണ് പരിസ്ഥിതി പ്രസ്ഥാനങ്ങളിലേക്കും പടർന്നത്.

⇨ ഈ അന്വേഷണം എല്ലാ രാജ്യങ്ങളിലേക്കും വ്യാപിപ്പിക്കുന്നതിനെക്കുറിച്ച് ചിന്തിച്ചിട്ടില്ല ⇨



ഗ്യാരി മാർക്കേസ്. വിബ്ജിയോർ ചലച്ചിത്ര മേളയിൽ.

ക്യുമെന്ററികളിലൂടെ ചിത്രീകരിക്കാൻ ശ്രമിക്കുന്നതെന്ന് മുമ്പ് പറഞ്ഞല്ലോ. അക്കാര്യത്തിൽ ചൈനയിലെ അനുഭവങ്ങളായിരുന്നു എനിക്ക് ഏറെ പാഠങ്ങൾ പകർന്നുതന്നത്.

**അമേരിക്ക, റഷ്യ, ചൈന മൂന്ന് രാജ്യങ്ങളിലെ പരിസ്ഥിതി പ്രസ്ഥാനങ്ങളുടെ ചരിത്രം താങ്കൾ ഡോക്യുമെന്റ് ചെയ്തു കഴിഞ്ഞു. മറ്റ് നാടുകളിലെ പാരിസ്ഥിതിക അവബോധത്തിന്റെ ഉദയത്തെക്കുറിച്ച് നിരീക്ഷിച്ചിട്ടുണ്ടോ? ഈ അന്വേഷണം താങ്കൾ ആ രീതിയിൽ തുടരുന്നുണ്ടോ?**

ഈ അന്വേഷണം എല്ലാ രാജ്യങ്ങളിലേക്കും വ്യാപിപ്പിക്കുന്നതിനെക്കുറിച്ച് ചിന്തിച്ചിട്ടില്ല. എന്നാലും അത് തുടരുന്നുണ്ട്. യുദ്ധവും അന്തമില്ലാത്ത വികസനത്വരയുമെല്ലാം പരിസ്ഥിതിയെ തകർത്തുകളഞ്ഞ പ്രധാന മൂന്ന് രാജ്യങ്ങൾ എന്ന നിലയിലാണ് അമേരിക്കയുടെയും റഷ്യയുടെയും ചൈനയുടെയും അനുഭവങ്ങൾ ഡോക്യുമെന്റു ചെയ്തത്. ടിബറ്റിനെക്കുറിച്ചുള്ള ഒരു ഡോക്യുമെന്ററിയാണ് ഞാൻ അടുത്തതായി പൂർത്തീകരിച്ചത്. 'വേക്കിംഗ് ദ ഗ്രീൻ ടൈഗർ' എന്ന മുൻ ഡോക്യുമെന്ററിയുടെ ഒരു തുടർച്ചയായി അതിനെ കാണാം. 'സേർച്ചിംഗ് ഫോർ സേക്രഡ് മൗണ്ടൻ' എന്ന് പേരിട്ടിരിക്കുന്ന ആ ഡോക്യുമെന്ററി ടിബറ്റൻ ബുദ്ധിസത്തിന്റെ സാംസ്കാരിക പാരമ്പര്യത്തിൽ ഇഴുകിച്ചേർന്നിരിക്കുന്ന പാരിസ്ഥിതിക അവബോധത്തെക്കുറിച്ചാണ് സംസാരിക്കുന്നത്. ചൈനയുടെ സുസ്ഥിരഭാവിക്ക് ടിബറ്റിന്റെ പാരമ്പര്യം എത്രത്തോളം സഹായകമാകും എന്ന തരത്തിലാണ് ഡോക്യുമെന്ററി ചിത്രീകരിച്ചിരിക്കുന്നത്. 'വേക്കിംഗ് ദ ഗ്രീൻ ടൈഗർ' എന്ന ഡോക്യുമെന്ററിയിൽ ടൈഗർ ലീപിംഗ് ഗോർജ് ഡാമിനെതിരായ സമരത്തിന്റെ ദൃശ്യങ്ങൾ ചിത്രീകരിച്ച ചൈനീസ് യുവതി ഷീ ലിഹോങ്ങും ഈ ഡോക്യുമെന്ററിയുടെ ചിത്രീകരണത്തിൽ പങ്കാളിയായിട്ടുണ്ട്.

അത്തരത്തിൽ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിലനിൽക്കുന്ന പാരിസ്ഥിതിക പ്രസ്ഥാനങ്ങളെ മനസ്സിലാക്കാനുള്ള ശ്രമം ഞാൻ തുടരുന്നുണ്ട്. ചില സ്ഥലങ്ങളിൽ അത് ഒരു വിമോചന പ്രസ്ഥാനമാകും. മറ്റ് ചിലയിടങ്ങളിൽ ഏതെങ്കിലും ജനവിരുദ്ധ പദ്ധതിക്കെതിരായ ജനങ്ങളുടെ പ്രതിഷേധങ്ങളാകാം വേറൊരു നാട്ടിൽ അത് സംസ്കാരത്തിന്റെ ഭാഗമായ ശീലങ്ങളാകാം. ടൈഗർ ലീപിംഗ് ഗോർജ് ഡാമിനെതിരായ സമരം ചൈനയിൽ പാരിസ്ഥിതിക സംവാദങ്ങൾക്ക് തുടക്കം കുറിച്ചതുപോലെ ഇന്ത്യയിലും വലിയ ഡാമുകൾക്കെതിരായ ഒട്ടേറെ സമരങ്ങൾ അത്തരം സംവാദങ്ങൾ നടത്തുന്നുണ്ടല്ലോ. എല്ലാ ഭരണകൂടങ്ങളും അത്തരം പ്രസ്ഥാനങ്ങളോട് സംവദിക്കാൻ തയ്യാറാകുന്ന ഒരു സാഹചര്യം നിലനിൽക്കുന്നുണ്ട്. അത്രയ്ക്ക് രൂക്ഷമായ പാരിസ്ഥിതിക പ്രതിസന്ധികളിലൂടെയാണ് ലോകം മുഴുവൻ കടന്നുപോകുന്നത്. അപ്പോഴും വിഭവ ചൂഷണം നടത്തുന്ന ബഹുരാഷ്ട്ര കോർപ്പറേറ്റുകളും അധികാരം തങ്ങളിലേക്ക് കേന്ദ്രീകരിക്കാൻ ശ്രമിക്കുന്ന ജനാധിപത്യവിരുദ്ധ ഭരണാധിപരും സംവാദങ്ങൾക്ക് തടസ്സമായി നിൽക്കുന്നു. അധികാര കേന്ദ്രീകരണവും പാരിസ്ഥിതിക അവബോധവും തമ്മിൽ ചേർന്നുപോകില്ല. ജി.ഡി.പി വളർച്ച സാമൂഹികമായ പിന്നോക്കാവസ്ഥകൾ പരിഹരിക്കുന്നതിന് സഹായകമാകുന്നുണ്ടാകാം. അതേസമയം പരിസ്ഥിതിയെ ഈ വിധം മുറിവേൽപ്പിച്ചുകൊണ്ടുള്ള ഒരു ജി.ഡി.പി വളർച്ച ആത്യന്തികമായി തിരിച്ചടികൾ മാത്രമാണ് നൽകുന്നതെന്ന് ലോക ഭരണകൂടങ്ങൾ തിരിച്ചറിയേണ്ടതുണ്ട്. ഘനലോഹങ്ങളുടെ സാന്നിദ്ധ്യമില്ലാത്ത വെള്ളമോ വായുവോ ഭക്ഷണമോ ഭൂമിയിൽ അവശേഷിക്കുന്നില്ല എന്ന ദുരവസ്ഥയെ അവധാനതയോടെ നേരിടാനാണ് ലോകരാഷ്ട്രങ്ങൾ അടിയന്തരമായി ശ്രമിക്കേണ്ടത്. ജി.ഡി.പി വളർച്ച കൂട്ടുന്നതിലൂടെ സ്വരൂപിക്കപ്പെടുന്ന പണം കൊണ്ട് ഇത് പരിഹരിക്കാൻ കഴിയില്ലെന്നും തിരിച്ചറിയണം. ■

**വേക്കിംഗ് ദ ഗ്രീൻ ടൈഗർ**

**ഡോക്യുമെന്ററിയുടെ കോപ്പികൾക്ക്:**

കേരളീയം, കൊക്കാലെ, തൃശൂർ – 680021

**0487 2421385**